**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **10-06-2024 - ൽ മറുപടിയ്ക്ക്**

**മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | തിരുവനന്തപുരം, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിലുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിലെ ഒഴിവ് (1) 28/02/2014 തീയതിയിലും കോഴിക്കോട് ജില്ലയിലെ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിലെ ഒഴിവ് (1) 08/12/2021 തീയതിയിലും കേരള പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്കുള്ള കേരള പി.എസ്.സി.യുടെ റാങ്ക് പട്ടിക 23/04/2024 തീയതി പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുണ്ട്. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട 2 ഉദ്യോഗാർത്ഥികൾക്ക് 21/05/2024 തീയതിയിൽ കേരള പി.എസ്.സി.യിൽ നിന്ന് നിയമന ശിപാർശ അയച്ചിട്ടുണ്ട്. അവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കേരള സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിലിൽ ഒക്യുപേഷണൽ തെറാപ്പി വിഭാഗത്തിൽപ്പെട്ട 2 ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിലിൽ ഒക്യുപേഷണൽ തെറാപ്പി വിഭാഗത്തിൽ (ആക്ടിലെ ഷെഡ്യൂളിലെ ക്രമ നമ്പർ (6) “ഒക്യുപേഷണൽ തെറാപ്പി പ്രൊഫഷണൽ”) അംഗങ്ങളായി ഉൾപ്പെടുത്താൻ അനുയോജ്യരായവരുടെ പാനൽ തയ്യാറാക്കി യോഗ്യരായ 2 പേരെ നിയമിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സർക്കാർ സംവിധാനത്തിലുള്ള മാനസികാരോഗ്യകേന്ദ്രങ്ങളിൽ ഷോക്ക് ട്രീറ്റ്മെന്റ് - ഇ.സി.റ്റി. (ഇലക്ട്രോ കൺവൾസീവ് തെറാപ്പി) ചികിത്സാരീതി ലഭ്യമാണോ; വിശദമാക്കാമോ; ഈ ചികിത്സാരീതി തുടങ്ങാത്ത പ്രസ്തുത ആശുപത്രികളിൽ ആയത് ആരംഭിക്കുന്നതിനായി എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എത്രയും പെട്ടെന്ന് | (സി) | തിരുവനന്തപുരം, കോഴിക്കോട് മാനസികാരോഗ്യകേന്ദ്രങ്ങളിൽ ഇ.സി.റ്റി. (ഇലക്ട്രോ കൺവൾസീവ് തെറാപ്പി) ചികിത്സാ രീതി ലഭ്യമാണ്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഇ.സി.റ്റി. (ഇലക്ട്രോ കൺവൾസീവ് തെറാപ്പി) മെഷീൻ ലഭ്യമാണ്. ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | എല്ലാ സ്ഥാപനങ്ങളിലും പ്രസ്തുത ചികിത്സ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ